LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം ജില്ലാ ആശുപത്രിയിലെ ബയോ മെഡിക്കൽ മാലിന്യങ്ങളുടെ നിർമ്മാർജ്ജനം

21 (601) ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോട്ടയം ജില്ലാ ആശുപത്രിയിലെ ബയോ മെഡിക്കൽ മാലിന്യങ്ങൾ നിലവിൽ എങ്ങനെയാണ് നിർമ്മാർജ്ജനം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും സർക്കാരിന്റെയും അംഗീകാരത്തോടെ ഐ.എം.എ.യുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചു വരുന്ന ഇമേജ് എന്ന സ്ഥാപനം മുഖേനയാണ് കോട്ടയം ജില്ലാ ആശുപത്രിയിലെ ബയോ മെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത്.

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ കെട്ടിടങ്ങളുടെ നിർമ്മാണം

22 (603) ശ്രീ. ജോർജ്ജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിർമ്മിച്ച കെട്ടിടങ്ങളിൽ ഏതൊക്കെ വാർഡുകളാണ് ആരംഭിച്ചത് ; ഈ കെട്ടിടങ്ങൾ പൂർണ്ണമായും പ്രവർത്തിച്ചു തുടങ്ങിയോ ;

(ബി) പ്രസ്തുത കെട്ടിടങ്ങളിൽ ഇനിയും ഏതൊക്കെ ബ്ലോക്കുകളാണ് ആരംഭിക്കാനുള്ളതെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത ബ്ലോക്കുകൾ പുതിയ മന്ദിരത്തിൽ എന്നുമുതൽ പൂർണ്ണമായും പ്രവർത്തിച്ചു തുടങ്ങും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ റ്റി.ആർ.പി.ഫണ്ട് ഉപയോഗിച്ച് രണ്ട് നിലകളുള്ള ഒരു കെട്ടിടം പൂർത്തീകരിക്കുകയുണ്ടായി. ഈ കെട്ടിടത്തിൽ ജനറൽ വാർഡ്, ഐ.സി.യു. ഡോക്ടേഴ്സ് റൂം എന്നിവയാണ് തുടങ്ങാൻ നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ മുകളിൽ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഒരു നില കൂടി പണിയുന്നുണ്ട്. ഈ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായാൽ മാത്രമേ ഈ കെട്ടിടം പൂർണ്ണമായി പ്രവർത്തിപ്പിക്കുവാൻ കഴിയുകയുള്ളു.

(ബി) മൂന്നാം നിലയിലെ പണികൾ പുരോഗമിക്കുന്നു. മൂന്നാം നിലയിൽ വാർഡുകൾ, നാലാം നിലയിൽ ഷീറ്റ്റൂഫ് ഇട്ടശേഷം കോൺഫറൻസ് ഹാൾ, ഇമ്മ്യൂണൈസേഷൻ റൂം എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(സി) പ്രസ്തുത ബ്ലോക്കിലെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2011 മാർച്ച് മാസത്തിൽ തുടങ്ങാൻ കഴിയുമെന്ന് കരുതുന്നു.